# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2198 — 11/03/2020-ൽ മറുപടിക്ക്

### കോലഞ്ചേരി ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ്

| ചോദ്യം<br>**ശ്രീ.വി.പി.സജീന്ദ്രൻ** | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന കോലഞ്ചേരി ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് ജനങ്ങൾക്ക് സൗകര്യപ്രദമായ കോലഞ്ചേരി ടൗണിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | കോലഞ്ചേരി ടൗണിലുള്ള റവന്യൂ ടവറിൽ കോലഞ്ചേരി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നതിന് പ്രതിമാസം 40,000/- രൂപ വാടകയിൽ സ്ഥലം അനുവദിക്കാമെന്ന് റവന്യൂ വിഭാഗം അറിയിച്ചിരുന്നു. ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന് പ്രതിമാസം 10,350/- രൂപയാണ് നൽകി വരുന്നത് . ആയതിനാൽ റവന്യൂ ടവറിലുള്ള സ്ഥലത്തിന് വാടക കുറച്ച് നൽകണമെന്ന് കാണിച്ച് റവന്യൂ അധികാരികൾക്ക് കത്ത് നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. 25/01/2020-ൽ നടന്ന വൈദ്യുതി അദാലത്തിൽ വിഷയം ഉന്നയിക്കുകയും, പ്രതിമാസം 15,000/- രൂപ വാടകയ്ക്ക് സ്ഥലം ലഭിക്കുന്ന പക്ഷം ഓഫീസ് അങ്ങോട്ടേയ്ക്ക് മാറ്റുമെന്ന് തീരുമാനമെടുക്കുകയും, ഇക്കാര്യം റവന്യൂ വിഭാഗത്തെ അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ 40,000/- രൂപ വാടകയിൽ സ്ഥലം എടുക്കുവാൻ കെ.എസ്.ഇ.ബി.എൽ. താൽപര്യപ്പെടാത്തതിനാൽ മേൽ സ്ഥലം മറ്റ് ഓഫീസുകൾക്ക് വാടകയ്ക്ക് നൽകിയതായും ഇനി അവിടെ സ്ഥലം ലഭ്യമല്ലെന്നും ഫോൺ മുഖാന്തിരം റവന്യൂ അധികാരികൾ അറിയിച്ചിട്ടുണ്ട്.<br>ആയതിനാൽ സൗകര്യപ്രദമായ കെട്ടിടം ന്യായമായ വാടകയ്ക്ക് ലഭിക്കുന്ന പക്ഷം കോലഞ്ചേരി സെക്ഷനോഫീസ് മാറ്റി സ്ഥാപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ